പ്രതസ്യ വിഷ്ണോ രൂപം യത്സത്യസ്യർത്തസ്യ ബ്രഹ്മണ:
അമൃതസ്യ ച മൃത്യോശ്ച സൂര്യമാത്മാനമീമഹീതി (5-20-5)
സ്വഗോഭി: പിതൃദേവേഭ്യോ വിഭജൻ കൃഷ്ണശുക്ലയോ:
പ്രജാനാം സർവാസാം രാജാന്ധ: സോമോ ന ആസ്ത്വിതി (5-20-12)
പരസ്യ ബ്രഹ്മണ: സാക്ഷാജ്ജാതവേദോƒ സി ഹവ്യവാട്
ദേവാനാം പുരുഷാംഗാനാം യജ്ഞേന പുരുഷം യജേതി (5-20-17)
ആപ: പുരുഷവീര്യാ: സ്ഥ പുനന്തീർഭൂർഭുവ: സുവ:
താ ന: പുനീതാമീവഘ്നീ: സ്പൃശതാമാത്മനാ ഭുവ ഇതി (5-20-23)

ശുകമുനി തുടർന്നു: ജംബുദ്വീപ് ഉപ്പുവെള്ളം നിറഞ്ഞ കടലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നു. പ്ലക്ഷദ്വീപ് അതിനുമപ്പുറത്താണ്. അതിൽ ഏഴു നാവുകളോടുകൂടി അഗ്നിദേവൻ വിഹരിക്കുന്നു. പ്രിയവ്രതന്റെ പുത്രനായ ഇധ്മജിഹ്വൻ, ഈ ദ്വീപിനെ ശിവം, യവശം, സുഭദ്രം, ശാന്തം, ക്ഷേമം, അമൃതം, അഭയം എന്നിങ്ങിനെ ഏഴായി തരം തിരിച്ചു. ഈ ദ്വീപിൽ ഏഴുനദികളും ഏഴുമലകളും ഉണ്ട്. ആയിരം വർഷത്തോളം ദീർഘായുസ്സുള്ള നാലുതരം മനുഷ്യരാണവിടെ വസിക്കുന്നത്. ഹംസന്മാർ, പതംഗൻമാർ, ഊർദ്ധ്വായാനർ, സത്യാംഗർ എന്നീ ജാതികൾ. അവർ സൂര്യനെ ഭഗവാൻവിഷ്ണുവിന്റെ പ്രത്യക്ഷരൂപമായി കണക്കാക്കി പൂജിക്കുന്നു. പ്രകൃതിനിയമത്തിന്റേയും സത്യത്തിന്റേയും അമർത്ത്യതയുടേയും മൃത്യുവിന്റേയും എല്ലാം നിയന്താവ് അവിടുന്നാണല്ലോ.

പ്ലക്ഷദ്വീപിനു ചുറ്റും മധുരം നിറഞ്ഞ കരിമ്പുനീരാണുള്ളത്. അതിനുമപ്പുറം സാൽമൽ ദ്വീപ്. അതിനുചുറ്റും വീഞ്ഞുനിറഞ്ഞ സമുദ്രമത്രേ. ഗരുഡദേവന്റെ ആസ്ഥാനമായ സാൽമാലി എന്ന പട്ടുപഞ്ഞിമരം അവിടെയാണ്. പ്രിയവ്രതന്റെ മകൻ യജ്ഞബാഹു, ദ്വീപിനെ സുരോചന, സൗമനസ്യ, രമണക, ദേവവർഷ, പാരിഭദ്ര, അപ്യായന, അവിജ്ഞാത എന്നിങ്ങിനെ ഏഴായിത്തിരിച്ചു. അവിടേയും സപ്തനദികളും മലകളും ഉണ്ട്. ശ്രുതധരർ, വീര്യധരർ, വസുന്ധരർ, ഇഷന്ധരർ എന്നിങ്ങിനെ നാലുജാതി മനുഷ്യരും അവിടെയുണ്ട്. അവർ ചന്ദ്രനെ പൂജിക്കുന്നു. 'രാവും പകലും ജീവികൾക്ക് പോഷകമേകിയും ഭരിച്ചും സംരക്ഷിച്ചും വിഹരിക്കുന്ന ചന്ദ്രഭഗവാൻ ഞങ്ങൾക്ക് രക്ഷയേകട്ടെ.'

നെയ്സമുദ്രത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന കുശദ്വീപിനെ പ്രിയവ്രതന്റെ നാലാമത്തെ പുത്രനായ ഹിരണ്യരേതൻ ഏഴാക്കി തിരിച്ചു. വസു, വസുദാന, ദൃഢരുചി, നാഭിഗുപ്ത, സ്തുത്യവ്രത, വിവിക്ത, വാമദേവ എന്നീ ഭൂഖണ്ഡങ്ങൾ. ഇതിലും സപ്തനദികളും മലകളും ഉണ്ടായിരുന്നു. ഇവിടുത്തെ നാലുജാതി മനുഷ്യർ കുശലർ, കോവിദർ, അഭ്യുക്തർ, കുലകർ എന്നിങ്ങിനെ അറിയപ്പെടുന്നു. അവർ അഗ്നിദേവനെ പൂജിക്കുന്നു. 'അവിടുന്ന് ഭഗവാനുള്ള അർഘ്യങ്ങൾ സ്വീകരിച്ച് ഭഗവൽപ്രസാദം നേടിത്തരുന്നു. ദിവ്യതയും മഹിമയും ഭഗവാന്റെ കൈകാലുകളത്രേ.'

അതിനുമപ്പുറം ക്രൗഞ്ചദ്വീപ്, പാൽക്കടലിൽ നിലകൊള്ളുന്നു. പ്രിയവ്രതന്റെ പുത്രനായ ഘൃതപൃഷ്ടൻ ദ്വീപിനെ ആമ, മധുരുഹ, മേഘപൃഷ്ട, സുധാമ, ഭ്രാജിഷ്ട, ലോഹിതാർന, വനസ്പതി എന്നിങ്ങിനെ ഏഴാക്കിത്തിരിച്ചു. ഇവിടെയും സപ്തനദികളും മലകളും ഉണ്ട്. ഇവിടത്തെ നാലു ജാതി മനുഷ്യർ പുരുഷർ, ഋഷഭർ, ദ്രവിനർ, ദേവകർ എന്നറിയപ്പെടുന്നവർ വരുണദേവനെ പൂജിക്കുന്നു. 'ഭഗവാന്റെ ഊർജ്ജം അങ്ങിലുണ്ട്. എല്ലാ പാപങ്ങളേയും തുടച്ചുമാറ്റുന്ന അവിടുന്ന് ഞങ്ങളുടെ ശരീരങ്ങളെയും ശുദ്ധമാക്കിയാലും.'